# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 21 ബുധൻ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## ദുരന്ത നിവാരണ അതോറിറ്റി ജില്ലയിൽ സുരക്ഷാ പരിശോധന നടത്തി

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ജില്ലയിലെ ദുരന്തബാധിതപ്രദേശങ്ങൾ സന്ദർശിച്ചു. തുടർച്ചയായി മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ ഭീഷണി നേരിടുന്ന 31 പ്രദേശങ്ങളാണ് സംഘം സന്ദർശിച്ചു സുരക്ഷാപരിശോധന നടത്തിയത്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം ഒരു ജിയോളജിസ്റ്റും ഒരു മണ്ണുപര്യവേഷണ ഉദ്യോഗസ്ഥനും അടങ്ങിയ രണ്ട് പേർ വീതമുള്ള അഞ്ച് ടീമായിട്ടായിരുന്നു പരിശോധന. തുടർച്ചയായി പ്രകൃതി ദുരന്തം നേരിടുന്ന പ്രദേശങ്ങളിൽ ജനങ്ങളെ മാറ്റിപ്പാർപ്പിക്കാൻ ഇടയാക്കുന്ന സാഹചര്യം നിലവിലുണ്ടോ, പുനരധിവാസം സാധ്യമാണോ, ഇനിയും ദുരന്തഭീഷണി നിലനിൽക്കുന്നുണ്ടോ എന്നുള്ള വിവരങ്ങൾ സുരക്ഷാപരിശോധനയിലൂടെ ലഭ്യമാകും. വരടക്കയം, ആനക്കയം, തുമ്പൂർമുഴി (അതിരപ്പിള്ളി പഞ്ചായത്ത്), കാഞ്ഞിരപ്പള്ളി, എച്ച്ഡിപി കോളനി (പരിയാരം പഞ്ചായത്ത്), മുപ്ലിയം, മുരിയാട്ടുകുന്ന്, പൊട്ടൻപാടം(പുതുക്കാട് പഞ്ചായത്ത്), ആരേശ്വരം, കുഞ്ഞാലിപ്പാറ, മറ്റത്തൂർ, വെള്ളിക്കുളങ്ങര, പത്തുകുളങ്ങര, നായാട്ടുകുണ്ട്, മേനോടി(കൊടകര പഞ്ചായത്ത്), കുറ്റിച്ചിറ, രണ്ടുകൈ, അരിച്ചാംകുഴി, വെട്ടിക്കുഴി, വാരംകുഴി, ചൂളക്കടവ്, കോടശ്ശേരിമലനിരകൾ(കോടശ്ശേരി പഞ്ചായത്ത്), വരവൂർ കോട്ടക്കുന്ന് കോളനി, പിലാക്കാട് ചിറ്റണ്ട സ്കൂളിന് പിറകുവശത്തുള്ള വനപ്രദേശം, കൊണ്ടാഴി മേലേമുറി, കാട്ടാളത്ത് കോളനി(വരവൂർ പഞ്ചായത്ത്), പുലാക്കോട് പറകുന്നത്ത് കോളനി(ചേലക്കര പഞ്ചായത്ത്), മുസാഫിരിക്കുന്ന്, ടവർ പരിസരം(തെക്കുംകര പഞ്ചായത്ത്), വാതിൽമാടം കോളനി(പറപ്പൂക്കര പഞ്ചായത്ത്), വാതിൽമാടം കോളനി(മാടായിക്കോണം പഞ്ചായത്ത്), വെള്ളാനി, കോഴിക്കുന്ന്(കാറളം പഞ്ചായത്ത്), മംഗലംതണ്ട് കുന്ന്,കോളനിക്കുന്ന്(ആമ്പല്ലൂർ പഞ്ചായത്ത്), താഴ്വാരം റോഡ്(പൊയ്യ പഞ്ചായത്ത്) എന്നീ പ്രദേശങ്ങളിലാണ് പരിശോധന. കളക്ട്രേറ്റിൽ നിന്നാരംഭിച്ച യാത്രയ്ക്ക് ജില്ലാ കളക്ടർ എസ്. ഷാനവാസ് ആശംസകൾ നേർന്നു. മണ്ണുപര്യവേക്ഷണവകുപ്പ് ഓഫീസർ സിന്ധു.പി.ഡി സുരക്ഷാപരിശോധനയ്ക്ക് നേതൃത്വം നൽകി.

## ജില്ലയിൽ ഇന്ന് (ആഗസ്റ്റ് 22) ഓറഞ്ച് അലേർട്ട്

തൃശൂർ ജില്ലയിൽ ഇന്ന് (ആഗസ്റ്റ് 22) കേന്ദ്ര കാലാവസ്ഥ നിരീക്ഷണ വകുപ്പ് 'ഓറഞ്ച്' അലേർട്ട് പ്രഖ്യാപിച്ചു. ഇതുപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായതോ അതിശക്തമായതോ ആയ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. സർക്കാർ സംവിധാനങ്ങളും പൊതുജനങ്ങളും ജാഗ്രത പാലിക്കുവാനുള്ള മുന്നറിയിപ്പാണ് ഓറഞ്ച് അലേർട്ട് കൊണ്ട് ഉദ്ദേശിക്കുന്നത്.

ഉരുൾപൊട്ടൽ/ മണ്ണിടിച്ചിൽ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിലും ഭൂമിയിൽ വിള്ളലുകൾ കാണപ്പെടുകയും ചെയ്ത പ്രദേശങ്ങളിലും താമസിക്കുന്നവർ ജില്ലാ ഭരണകൂടത്തിന്റെ അറിയിപ്പ് കിട്ടുന്ന മുറയ്ക്ക് മാറി താമസിക്കുവാൻ തയ്യാറാകേണ്ടതാണ്. പ്രളയ സാധ്യതയുള്ളതോ ഉരുൾപൊട്ടൽ സാധ്യതയുള്ളതോ ആയ പ്രദേശങ്ങളിൽ താമസിക്കുന്നവരും 2018, 2019 ലെ പ്രളയത്തിൽ വെള്ളം കയറിയ പ്രദേശങ്ങളിൽ താമസിക്കുന്നവരും അടച്ചുറപ്പില്ലാത്ത വീടുകളിൽ താമസിക്കുന്നവരും പ്രധാനപ്പെട്ട രേഖകളും വിലപ്പെട്ട വസ്തുക്കളും ഉൾപ്പെടുന്ന എമെർജൻസി കിറ്റ് തയ്യാറാക്കി വെക്കുകയും മാറി താമസിക്കേണ്ട സാഹചര്യം വരികയാണെങ്കിൽ അധികൃതർ നിർദേശിക്കുന്ന സുരക്ഷിത സ്ഥാനത്തേക്ക് മാറി താമസിക്കുവാൻ തയ്യാറാവുകയും വേണം. 2018 ലും 2019ലും ഉരുൾപൊട്ടലുണ്ടാവുകയോ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ

വാസയോഗ്യമല്ലാത്തതെന്ന് കണ്ടെത്തുകയോ ചെയ്ത പ്രദേശങ്ങളിൽ താമസിക്കുന്നവർക്കും ഇത് ബാധകമാണ്.

ഉരുൾപൊട്ടൽ സാധ്യത ഉള്ളതിനാൽ രാത്രി സമയത്ത് മലയോരമേഖലയിലേക്കുള്ള യാത്ര ഒഴിവാക്കുക. മലയോര മേഖലയിലെ റോഡുകൾക്ക് കുറുകെ ഉള്ള ചെറിയ ചാലുകളിലൂടെ മലവെള്ള പാച്ചിലും ഉരുൾപൊട്ടലും ഉണ്ടാകുവാനൻ സാധ്യതയുണ്ട് എന്നതിനാൽ ഇത്തരം ചാലുകളുടെ അരികിൽ വാഹനങ്ങൾ നിർത്തരുത്. മലയോര മേഖലയിലും ബീച്ചുകളിലും വിനോദ സഞ്ചാരത്തിന് പോകാതിരിക്കുക. സമൂഹ മാധ്യമങ്ങളിലൂടെ തെറ്റായ വിവരങ്ങൾ ഒരു കാരണവശാലും പ്രചരിപ്പിക്കരുത്

ഒരു കാരണവശാലും നദി മുറിച്ചു കടക്കരുത്. പാലങ്ങളിലും, നദിക്കരയിലും മറ്റും കയറി സെൽഫി എടുക്കൽ ഒഴിവാക്കുക. - പുഴകളിലും തോടുകളിലും ജല നിരപ്പ് ഉയരുവാൻ സാധ്യതയുണ്ട്. പുഴകളിലും, ചാലുകളിലും, വെള്ളകെട്ടിലും മഴയത്ത് ഇറങ്ങാതിരിക്കണം. പ്രത്യേകിച്ച് കുട്ടികൾ ഇറങ്ങുന്നില്ല എന്ന് മുതിർന്നവർ ഉറപ്പുവരുത്തണം. നദിയിൽ കുളിക്കുന്നതും, തുണി നനയ്ക്കുന്നതും, കളിക്കുന്നതും ഒഴിവാക്കുക. ഔദ്യോഗികമായി ലഭിക്കുന്ന വിവരങ്ങളെല്ലാം വീട്ടിൽ എല്ലാവരോടും പറയുക. കാലാവസ്ഥ പ്രവചനങ്ങൾ കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രം പുതുക്കുന്ന മുറയ്ക്ക് അലെർട്ടുകളിലും മാറ്റം വരാനുള്ള സാധ്യതയുണ്ട്.

## വാഴാനി ഡാം ശനിയാഴ്ച തുറക്കും

വാഴാനിയിലെ സംഭരണി നിറയാൻ സാധ്യതയുള്ളതിനാൽ ഡാമിന്റെ സ്പിൽവേ ഷട്ടർ ഒരെണ്ണം ആഗസ്റ്റ് 24 ന് ശനിയാഴ്ച രാവിലെ 10 മണിക്കും 12 മണിക്കും ഇടയിൽ തുറക്കാൻ ജില്ലാ ദുരന്തനിവാരണ സമിതി ചെയർമാനായ ജില്ലാ കളക്ടർ അനുമതി നൽകി. 60.16 മീറ്ററാണ് ഡാമിലെ ഇപ്പോഴത്തെ ജലനിരപ്പ്. പരമാവധി ജലനിരപ്പ് 62.48 മീറ്റർ. ഈ സ്പിൽവേ ഷട്ടർ അഞ്ച് സെന്റിമീറ്റർ തുറന്ന് വെള്ളം പുറത്തേക്കൊഴുകും. ഇത് മൂലം വടക്കാഞ്ചേരി പുഴയിലെ ജലനിരപ്പ് ക്രമാതീതമായി ഉയരാൻ സാധ്യതയുള്ളതിനാൽ വടക്കാഞ്ചേരി മുനിസിപ്പാലിറ്റി, തെക്കുംകര, എരുമപ്പെട്ടി, വേലൂർ, ചൂണ്ടൽ, കണ്ടാണശ്ശേരി, എളവള്ളി, മുല്ലശ്ശേരി ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ ജനങ്ങൾ ജാഗ്രത പാലിക്കണം. പുഴയിൽ മത്സ്യബന്ധനത്തിനും മറ്റ് അനുബന്ധപ്രവൃത്തികൾ നിയന്ത്രണം ഏർപ്പെടുത്തിയതായി ജില്ലാ കളക്ടർ അറിയിച്ചു.

## 1980 നു ശേഷം പത്താഴക്കുണ്ട് ഡാം തുറന്നു

ജലവിതാനം സംഭരണശേഷിയോടടുത്തതിനെ തുടർന്ന് തെക്കുംക്കര ഗ്രമാപഞ്ചായത്തിലെ ചെറുകിട ജലസേചന വകുപ്പിന്റെ കീഴിലുള്ള പത്താഴക്കുണ്ട് ഡാം തുറന്നു. ബുധനാഴ്ച രാവിലെ 11 മണിയോടെയാണ് ഡാം തുറന്നത്. 1980 നുശേഷം ആദ്യമായാണ് പത്താഴക്കുണ്ട് ഡാം തുറന്നത്. ഡാമിന്റെ രണ്ട് ഷട്ടറുകൾ ഓരോ ഇഞ്ച് വീതമാണ് തുറന്നത്. 12.54 മീറ്ററാണ് നിലവിലെ ഡാമിലെ ജലനിരപ്പ്. 14 മീറ്ററാണ് പരമാവധി സംഭരണശേഷി. ദുരന്തിനവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കളക്ടറുടെ നിർദേശപ്രകാരമാണ് മുൻകരുതലിന്റെ ഭാഗമായി ഡാമിന്റെ ഷട്ടറുകൾ തുറന്നത്.

തെക്കുംകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം കെ ഷീജ, വടക്കാഞ്ചേരി നഗരസഭ സ്റ്റാൻഡിങ്ങ് കമ്മറ്റി അധ്യക്ഷൻ എ കെ പ്രമോദ്കുമാർ, വടക്കാഞ്ചേരി നഗരസഭ കൗൺസിലർ പി ആർ അരവിന്ദാക്ഷൻ തുടങ്ങിയ ജനപ്രതിനിധികളുടെ സാന്നിധ്യത്തിലാണ് ഡാം തുറന്നത്. ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ ആർ ഷീല , അസിസ്റ്റൻറ് എഞ്ചിനീയർ ഗീവർ, ഫയർ ഫോഴ്സ് വിഭാഗം ഉദ്യോഗസ്ഥൻ എ എൽ ലാസർ തുടങ്ങിയവരുടെ നേതൃത്വത്തിലാണ് ഷട്ടറുകൾ ഉയർത്തിയത്. ഡാമിൻേറ ഷട്ടർ ഉയർത്തിയതിനാൽ വടക്കാഞ്ചേരി നഗരസഭ, തെക്കുംകര, മുളംകുന്നത്ത്കാവ്, അവണൂർ ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലുള്ളവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

**(പടം ഉണ്ട്)**

## ജില്ലയിൽ 18 ദുരിതാശ്വാസ ക്യാമ്പുകളിലായി 509 പേർ മാത്രം

മഴക്കെടുതി മൂലം ജില്ലയിൽ തുറന്ന ദുരിതാശ്വാസ ക്യാമ്പുകളിൽ അവശേഷിക്കുന്നത് 18 എണ്ണം മാത്രം. ഇവയിൽ 155 കുടുംബങ്ങളിലെ 509 പേരാണുള്ളത്. ആകെ പുരുഷൻമാർ 196, സ്ത്രീകൾ 199, കുട്ടികൾ 114. ചാലക്കുടി, തലപ്പിള്ളി താലൂക്കുകളിൽ ക്യാമ്പുകളില്ല. ചാവക്കാട് ഒരു ക്യാമ്പിൽ ഒരു കുടുംബത്തിലെ നാല് പേരുണ്ട്. കുന്നംകുളത്ത് ഒരു ക്യാമ്പിൽ അഞ്ച് കുടുംബങ്ങളിലെ 15 പേരുണ്ട്. കൊടുങ്ങല്ലൂർ താലൂക്കിൽ രണ്ട് ക്യാമ്പുകളിലായി മൂന്ന് കുടുംബങ്ങളിലെ ഒമ്പത് പേരും മുകുന്ദപുരത്ത് ആറ് ക്യാമ്പുകളിലായി 18 കുടുംബങ്ങളിലെ 58 പേരുമുണ്ട്. തൃശൂരിലാണ് ഏറ്റവും കൂടുതൽ ക്യാമ്പുകൾ. എട്ട് ക്യാമ്പുകളിലായി 128 കുടുംബങ്ങളിലെ 423 പേരാണ് തൃശൂർ താലൂക്കിൽ കഴിയുന്നത്.

## വെള്ളപ്പൊക്കം: ക്ഷീരമേഖലയിൽ രണ്ടു കോടിയുടെ നാശം

ഈ മാസം ഉണ്ടായ വെള്ളപ്പൊക്ക കെടുതികളിൽ ജില്ലയിലെ ക്ഷീരമേഖലയിൽ ഏകദേശം രണ്ടു കോടിയോളം രൂപയുടെ നാശനഷ്ടങ്ങൾ കണക്കാക്കപ്പെടുന്നു. ദുരിതബാധിത മേഖലയിലെ കന്നുകാലികൾക്ക് ക്ഷീരവികസന വകുപ്പ് നൽകിയ സാന്ദ്രീകൃത കാലിത്തീറ്റയ്ക്കും പച്ചപ്പുല്ലിനും പുറമേ തൃശൂർ ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള അഗ്രികൾച്ചറൽ ഫാമുകളിൽ നിന്നും സംഭരിച്ച വൈക്കോൽ സൗജന്യമായി ജില്ലയിൽ വിതരണം ചെയ്തു. കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാറിന്റെ ഇടപെടലും ജില്ലാ പഞ്ചായത്തിന്റെ സമോയചിതമായ പ്രവർത്തനങ്ങളും ക്ഷീരകർഷകർക്ക് ഗുണകരമായി.

ക്ഷീരവികസന വകുപ്പിന്റെ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 40 ടണ്ണോളം കേരള ഫീഡ്സ് കാലിത്തീറ്റയും 9000 കിലോഗ്രാം പച്ചപുല്ലും സൗജന്യമായും 176 ടൺ വൈക്കോലും 22 ടൺ പച്ചപുല്ലും സൗജന്യ നിരക്കിലും വിതരണം ചെയ്തിട്ടുണ്ട്. പ്രളയബാധിത പ്രദേശങ്ങളിലെ സംഘങ്ങളിലൂടെ കർഷകരുടെ പാൽ സംഭരിക്കാനും സാധിച്ചിട്ടുണ്ട്. ഇതിനുപുറമേ കർഷകർക്ക് അവരുടെ ഉരുക്കളെ ദുരിതാശ്വാസക്യാമ്പിലേക്ക് മാറ്റുന്നതിനുള്ള സാമ്പത്തിക സഹായവും നൽകുന്നുണ്ട്. പ്രളയത്തോടനുബന്ധിച്ച് നാശനഷ്ടങ്ങൾ സംബന്ധിച്ച കൃത്യമായ വിവരം ബ്ലോക്ക് തലത്തിലുള്ള ക്ഷീരവികസന യൂണിറ്റിലോ, അടുത്തുള്ള മൃഗാശുപത്രിയിലോ, ക്ഷീര സംഘത്തിലോ അറിയിക്കേണ്ടതാണെന്ന് ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

## പൂമല ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും ഒരു ലക്ഷം രൂപയുടെ സഹായം

പൂമല ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികളും ജീവനക്കാരും ചേർന്ന് സ്വരൂപിച്ച ഒരു ലക്ഷം രൂപയുടെ സഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് നൽകി. സ്കൂൾ മാനേജരും അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്നാണ് സ്വരൂപിച്ച സാധനസാമഗ്രികൾ അടങ്ങിയ പെട്ടി കളക്ടറേറ്റിലെത്തി ജില്ലാ കളക്ടർ എസ് ഷാനവാസിന് കൈമാറിയത്. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി ക്ലാസ്സുകളിലെ കുട്ടികളും 32 ജീവനക്കാരും ചേർന്നാണ് ഒരു ലക്ഷം രൂപയുടെ സാമഗ്രികൾ നൽകിയത്. 1000 നോട്ട് ബുക്കുകൾ, 50 സ്കൂൾ ബാഗുകൾ, 30 കിലോ അരി, 50 കിലോ പഞ്ചസാര, 5 കിലോ ചായപ്പൊടി കൂടാതെ മറ്റ് നിത്യോപയോഗ സാധനങ്ങൾ എന്നിവയാണ് ദുരിതാശ്വാസ നിധിയിലേക്ക് നൽകിയത്. സ്കൂളിന് മുന്നിൽ ചായക്കട കെട്ടി രാവിലെ 7 മുതൽ 8.30 വരെ വിൽപന നടത്തി ലഭിച്ച 12000 രൂപയും ഇതിലുൾപ്പെടും. പുല്ലഴിയിലേക്ക് ഒരു ടാങ്കർ കുടിവെള്ളവും വലപ്പാട് കോസ്റ്റൽ ഭാഗത്ത് പായ, കിടക്ക, പുതപ്പ് എന്നിവയും നൽകി. ഇതിനു പുറമേ സ്കൂളിൽ മൂന്ന് ദിവസത്തെ ക്യാമ്പും സൗജന്യമായി നടത്തി. ഈ ക്യാമ്പ് ജില്ലയിലെ ഏറ്റവും നല്ല ക്യാമ്പായി തിരഞ്ഞെടുക്കുകയും ചെയ്തു. സ്കൂൾ മാനേജർ എ ആർ ചന്ദ്രൻ, പ്രിൻസിപ്പൽ സി ആർ ലീന, ഹെഡ്മിസ്ട്രസ്സ് ലവി വർഗ്ഗീസ്, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു. കഴിഞ്ഞ വർഷം പ്രളയധനസഹായം സ്വരൂപിച്ച് നൽകിയിരുന്നു.

**(പടം ഉണ്ട്)**

## വെള്ളക്കെട്ട്: കൊടുങ്ങല്ലൂർ നഗരസഭ

## സമഗ്ര പ്രോജക്ട് തയ്യാറാക്കുന്നു

രൂക്ഷമായ പ്രളയത്തിൽ കൊടുങ്ങല്ലൂർ നഗരസഭ പ്രാന്തപ്രദേശങ്ങളിൽ ഉണ്ടായ വെള്ളക്കെട്ട് പരിഹരിക്കാൻ വിശദമായ പ്രോജക്ട് തയ്യാറാക്കുന്നു. നഗരസഭയിലെ തോടുകൾ, കനാലുകൾ, കാനകൾ എന്നിവയുടെ വീതിയും ആഴവും കൂട്ടൽ, കയ്യേറ്റം ഒഴിപ്പിക്കൽ, പുതിയ കാനകളുടെ നിർമ്മാണം, തടസ്സങ്ങൾ നീക്കം ചെയ്യൽ എന്നീ പ്രവൃത്തികളുൾപ്പെടുത്തിയ സമഗ്രമായ പ്രോജക്റ്റ് റിപ്പോർട്ടാണ് തയ്യാറാക്കുന്നത്. നഗരസഭ ചെയർമാൻ കെ ആർജൈത്രൻ താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ വിളിച്ച് ചേർത്ത യോഗത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ സാങ്കേതിക സഹായത്തോടെയാണ് പദ്ധതിക്ക് രൂപം നൽകുക. ഒന്നും രണ്ടും വാർഡുകളുടെ ഇടയിലുള്ള കണിയത്ത് തോടിൽ നിന്നാരംഭിച്ച് ഐക്കരപറമ്പ് വാർഡ് വഴി തെക്കോട്ട് മേത്തല വില്ലേജിലേക്ക് ഒഴുകുന്ന കാത്തോളി തോട് വരെ പലയിടത്തും സ്വകാര്യ വ്യക്തികളുടെ കൈയേറ്റം മൂലം വീതി വളരെ കുറഞ്ഞിട്ടുണ്ട്. കാത്തോളി തോടിന്റെ ഉത്ഭവസ്ഥാനം മുതൽ അഞ്ച് മീറ്ററോളം വീതിയുണ്ടായിരുന്നു. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് വീതി കൂട്ടും. പല വ്യക്തികളും പൊതുതോടുകളിലും പൈപ്പുകളിട്ട് തോടുകൾ മൂടിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. അവയെല്ലാം മാറ്റി തോട്ടിലെ ഒഴുക്ക് സുഗമമാക്കും. തോടുകളിലും ജലസ്രോതസ്സുകളിലും മാലിന്യമിടുന്നവർക്കെതിരെ കേസ്സെടുത്ത് നടപടി സ്വീകരിക്കും. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നിന്ന് പുതിയ കാനകൾ നിർമ്മിച്ച് അടുത്ത കാനയിലേയ്ക്കോ തോടുകളിലേക്കോ ബന്ധിപ്പിക്കും. പെരുന്തോട് ഉൾപ്പെടെ ഒഴുക്കിന് തടസ്സം നേരിടുന്ന തോടുകൾ ജനകീയ പങ്കാളിത്തത്തോടെ നഗരസഭയുടെയും ഇറിഗേഷൻ വകുപ്പിന്റെയും നേതൃത്വത്തിൽ പണി ചെയ്ത് ഒഴുക്ക് സുഗമമാക്കും. കൂടാതെ എല്ലാ വാർഡുകളിലുമുള്ള പ്രധാന പ്രശ്നങ്ങൾ കണക്കിലെടുത്ത് വിശദമായ പദ്ധതി തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുമെന്നും ചെയർമാൻ പറഞ്ഞു.

യോഗത്തിൽ നഗരസഭ വൈസ് ചെയർമാൻ ഹണി പീതാംബരൻ, നഗരസഭ എഞ്ചിനീയർ സി.എസ്.പ്രകാശൻ, ഇറിഗേഷൻ, പൊതുമരാമത്ത്, റവന്യു ഉദ്യോഗസ്ഥർ എന്നിവർ സംസാരിച്ചു.

## ആദർശഗ്രാമം: അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് ദത്തെടുക്കലിന്റെ പ്രാരംഭ യോഗം ചേർന്നു

രാജ്യസഭ എം പി സുരേഷ്ഗോപി സൻസദ് ആദർശ് ഗ്രാമയോജന, സാഗി പദ്ധതി പ്രകാരം ദത്തെടുക്കുന്ന അവിണിശ്ശേരി ഗ്രാമപഞ്ചായത്തിലെ പദ്ധതികളുടെ പ്രാരംഭ നടപടി കളെകുറിച്ചുള്ള ജില്ലാതല ആലോചന യോഗം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്നു. ജില്ലാ കളക്ടർ എസ് ഷാനവാസ് അദ്ധ്യക്ഷത വഹിച്ചു. ഉദ്യോഗസ്ഥർ തങ്ങളുടെ വകുപ്പ് ആവി ഷ്ക്കരിച്ച നിലവിലെ പദ്ധതികൾ മെച്ചപ്പെടുത്താൻ നടപടികൾ എടുക്കുമെന്ന് അറിയിച്ചു. 2014 ൽ തുടങ്ങിയ സാഗി പദ്ധതി പ്രകാരം ഓരോ രാജ്യസഭ എം പി ക്കും ഓരോ പഞ്ചായത്തിനെ തിര ഞ്ഞെടുത്ത് ആദർശ പഞ്ചായത്തായി ഉയർത്താം. ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, തൊഴിൽ, ഉത്പാദന ക്ഷമത, കാര്യനിർവഹണം എന്നിവയെ മുൻനിർത്തിയാണ് ആദർശപഞ്ചായത്തായി തെരഞ്ഞെടുക്കുന്നത്.

ചേർപ്പ് ബ്ലോക്ക് പഞ്ചായത്തിന് കീഴിലാണ് 14 വാർഡുകളുള്ള അവിണിശ്ശേരി പഞ്ചായത്ത്. നെൽകൃഷിയാൽ സമ്പന്നമാണ് ഇവിടം. 15 പൊതുകുളങ്ങളും മൂന്നര ഏക്കർ ഉള്ള തിരുവാഞ്ചിറകു ളവും ഇവിടെയുണ്ട്. ശുചിത്വമിഷന്റെ കീഴിൽ മാലിന്യ പ്ലാസ്റ്റിക് നിർമ്മാർജ്ജനം നടത്തുന്നു. തൊഴിലുറപ്പ് പദ്ധതി പ്രകാരം പൗൾട്രി ഫാം, കന്നുകാലി വളർത്തൽ, അങ്കണവാടി പ്രവർത്തിക്കു ന്നു. 14 കന്നുകാലി ഷെഡുകളും ആടുവളർത്തൽ കേന്ദ്രങ്ങളും 14 കംപോസിറ്റ് പിറ്റും ഉണ്ട്. കിണർ റീചാർജ്ജിങ്ങും കിണർ നിർമ്മാണവും നടന്നു കൊണ്ടിരിക്കുന്നു. പട്ടികജാതി വികസന പദ്ധതി കൾ വഴി ഭൂമി, വീട്, മിശ്രവിവാഹ ധനസഹായം, വിദ്യാഭ്യാസ സഹായം എന്നിവ നൽകി വരുന്നു. 51 ശതമാനം പട്ടികജാതി കോളനികൾ ആണുള്ളത്. ആധുനിക ഗ്രന്ഥശാലയായ വിജ്ഞാനവാടി ഇവിടെ നടപ്പിലാക്കും. സാമൂഹ്യക്ഷേമ പദ്ധതി വഴി 63 പേർക്ക് ചികിത്സാസഹായവും നൽകി. ആരോഗ്യ വകുപ്പിന് കീഴിൽ സമഗ്ര ആരോഗ്യ പദ്ധതിയും പെയിൻ ആൻഡ് പാലിയേറ്റീവ് സെന്റ റുകളും 25 വയസ്സിനു മുകളിൽ പ്രായമുള്ള ഹൈ റിസ്ക് ഗ്രൂപ്പിനെ കണ്ടെത്തി പ്രമേഹ, രക്താതി സമ്മർദ്ദ ക്യാമ്പുകളും നടത്തുന്നു. കൗമാര ബോധവൽക്കരണം, ആശുപത്രി കെട്ടിടനിർമ്മാണം

എന്നിവയും പുരോഗമിക്കുന്നു. അങ്കണവാടികളിൽ ശിശു സൗഹൃദ ടോയ്‌ലറ്റുകൾ, ഭിന്നശേഷി കാർക്ക് കൂടുതൽ സഹായം, ഹോമിയോ-ആയുർവേദ ആശുപത്രികളും മരുന്നുകളും ഉറപ്പു വരുത്തും. വൈദ്യുതി ബോർഡ് ഒരു ട്രാസ്ഫോമർ സ്റ്റേഷൻ സ്ഥാപിച്ചു. രണ്ട് ട്രാൻസ്ഫോർമറുകളും കൂടാതെ 27 പോസ്റ്ററുകൾ പഴക്കം ചെന്ന വൈദ്യുതി കമ്പികൾ പുതുക്കലും ആരംഭിച്ചു. അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സൂര്യ ഷോബി, ജില്ലാ പഞ്ചായത്ത് മെമ്പർ പി കെ ലോഹിതാക്ഷൻ, സാഗി കൺവീനർ ആൻഡ് പ്രോജക്ട് കോർഡിനേറ്റർ സെറീന, വിവിധ വകുപ്പ് തല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## മാതൃകാപരമായി ദുരിതാശ്വാസ ക്യാമ്പുകൾ സംഘടിപ്പിച്ചവർക്ക് മേയറുടെ നന്ദി

ആഗസ്റ്റ് എട്ട് മുതൽ പെയ്ത കനത്ത മഴയെ തുടർന്ന് കോർപ്പറേഷൻ പരിധിയിൽ മാതൃകാപരമായി ദുരിതാശ്വാസ ക്യാമ്പുകൾ സംഘടിപ്പിച്ച കൗൺസിലർമാർ, കുടുംബശ്രീ അംഗങ്ങൾ, ജീവനക്കാർ എന്നിവർക്ക് മേയർ അജിത വിജയൻ നന്ദി അറിയിച്ചു. തൃശൂർ കോർപ്പറേഷൻ ഹാളിൽ സംഘടിപ്പിച്ച പരിപാടിയിലാണ് മേയർ ഇക്കാര്യം അറിയിച്ചത്. 20 ക്യാമ്പുകളുടെ പ്രവർത്തങ്ങളെകുറിച്ച് അതാതു ക്യാമ്പുകളിലെ ചെയർമാൻമാരുടെ വിശദീകരണം കൗൺസിലർമാർ വിലയിരുത്തി. വരുംകാലങ്ങളിൽ  പ്രളയത്തെ അതിജീവിക്കാനായി ഒരു സാങ്കേതിക സമിതി രൂപീകരിക്കാനും കനാലുകളിലേയും തണ്ണീർത്തടങ്ങളിലേയും വെള്ളത്തിന്റെ ഒഴുക്ക് പരിശോധിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു.

## ക്വട്ടേഷൻ

ചാലക്കുടി ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസിന്റെ പരിധിയിലുള്ള വാഴച്ചാൽ, വെറ്റിലപ്പാറ, ചാലക്കുടി, പീച്ചി, ചുവന്നമണ്ണ് എന്നീ പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് ചെരുപ്പ്/ഷൂസ് വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 27 വൈകീട്ട് മൂന്ന് മണി. ഫോൺ: 0480-2706100.

## പാരമ്പര്യേതര ട്രസ്റ്റി നിയമനം

മലബാർ ദേവസ്വം ബോർഡിന് കീഴിലെ ചാവക്കാട് താലൂക്കിലെ ഗോവിന്ദപുരം ശ്രീ. മഹാവിഷ്ണു ക്ഷേത്രത്തിൽ പാരമ്പര്യേതര ട്രസ്റ്റി നിയമിക്കുന്നതിന് ഹിന്ദുമത ധർമ്മസ്ഥാപന നിയമപ്രകാരം അർഹരായ തദ്ദേശവാസികളിൽ  നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 18. അപേക്ഷാഫോറവും വിശദവിവരങ്ങളും മലബാർ ദേവസ്വം ബോർഡ് മലപ്പുറം അസിസ്റ്റന്റ് കമ്മീഷണർ ഓഫീസിൽ നിന്നും ഗുരുവായൂർ ഡിവിഷൻ ഇൻസ്പെക്ടറുടെ ഓഫീസിൽ നിന്നും ലഭിക്കും.

## പരിശീലനം ആഗസ്റ്റ് 26 ന്

മണ്ണുത്തി കേരള കാർഷിക സർവകലാശാല കമ്മ്യൂണിക്കേഷൻ സെന്ററിൽ 'നായ് വളർത്തൽ-യുവാക്കൾക്ക് ഒരു സംരംഭം' എന്ന വിഷയത്തിൽ ആഗസ്റ്റ് 26 ന് പരിശീലനം നടത്തുന്നു. നായ വളർത്തൽ, തീറ്റക്രമങ്ങൾ, ചികിത്സാ ക്രമങ്ങളും കുത്തിവയ്പ്പും, കൂടിന്റെ ഘടനയും നിർമ്മാണവും, പ്രായോഗിക പരിശീലനം എന്നിവ ഉൾപ്പെടുന്ന പരിശീലനം വിദഗ്ധർ നയിക്കും. പങ്കെടുക്കുന്നവർക്ക് കേരള കാർഷിക സർവകലാശാല സർട്ടിഫിക്കറ്റ് നൽകും. 525 രൂപ രജിസ്ട്രേഷൻ ഫീസ് നിശ്ചയിച്ച പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 0487-2370773 എന്ന നമ്പറിൽ ബന്ധപ്പെടുക.

## നോർക്ക റൂട്ട്സ് വായ്പാ യോഗ്യത നിർണയ ക്യാമ്പ്

നോർക്ക റൂട്ട്സ് പ്രവാസി പുനരധിവാസ പദ്ധതിയുടെ ഭാഗമായി നോർക്ക റൂട്ട്സ് - ഇന്ത്യൻ ഓവർസീസ് ബാങ്ക് എന്നിവയുടെ നേതൃത്വത്തിൽ കുന്നംകുളം ചൊവ്വന്നൂരിൽ വായ്പാ യോഗ്യത നിർണയ ക്യാമ്പ് സംഘടിപ്പിച്ചു. പ്രവാസിക്ഷേമ നിയമസഭ സമിതി ചെയർമാൻ കെ.വി അബ്ദുൾ ഖാദർ എംഎൽഎ ഉദ്ഘാടനം ചെയ്തു. പ്രവാസി ക്ഷേമ പദ്ധതികൾ കാര്യക്ഷമമായി

നടപ്പിലാക്കണമെന്നും അതിലൂടെ പ്രവാസികള്‍ നേരിടുന്ന പ്രതിസന്ധികളും വെല്ലുവിളികളും ഇല്ലാതാക്കാന്‍ സാധിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഐ ഒ ബി എറണാകുളം ചീഫ് റീജിയണല്‍ മാനേജര്‍ എം നാരായണന്‍ നായര്‍ അധ്യക്ഷനായി. സെന്‍റര്‍ ഫോര്‍ മാനേജ്മെന്‍റ് ഡവലപ്മെന്‍റിലെ പ്രൊഫ. കെ. വര്‍ഗീസ്, നോര്‍ക്ക റൂട്ട്സ് സി ഇ ഒ  കെ. ഹരികൃഷ്ണന്‍ നമ്പൂതിരി, നോര്‍ക്ക റൂട്ട്സ് ജനറല്‍ മാനേജര്‍ ഡി. ജഗദീഷ് എന്നിവര്‍ പങ്കെടുത്തു.

പ്രവാസത്തിനുശേഷം നാട്ടില്‍ സ്ഥിര താമസമാക്കിയവര്‍ക്ക് തുടങ്ങാവുന്ന സംരംഭങ്ങളെ ക്യാമ്പില്‍ പരിചയപ്പെടുത്തി. യോഗ്യരായ അപേക്ഷകര്‍ക്ക് വായ്പ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളും ഇതോടൊപ്പം പൂര്‍ത്തിയാക്കി. പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട സംരംഭകര്‍ക്ക് മൂലധന, പലിശ സബ്സിഡിയും നോര്‍ക്ക റൂട്ട്സ് ലഭ്യമാക്കുന്നുണ്ട്. അങ്ങനെയുള്ള സംരംഭകരില്‍ നിന്ന് തുടങ്ങാന്‍ ഉദ്ദേശിക്കുന്ന പദ്ധതികളെ കുറിച്ചും അവയുടെ അടങ്കല്‍ തുക ഉള്‍പ്പെടെയുള്ള ലഘു വിവരണങ്ങളെ കുറിച്ചുമുള്ള വിവരങ്ങളും ക്യാമ്പില്‍ സ്വീകരിച്ചു. പദ്ധതിയുടെ കൂടുതല്‍ വിവരങ്ങള്‍ സി.എം.ഡി യുടെ സഹായ കേന്ദ്രം (04712329738), നോര്‍ക്ക റൂട്ട്സ് 1800 425 3939 (ഇന്ത്യയില്‍ നിന്നും), 00918802012345 (വിദേശത്തു നിന്നും മിസ്ഡ് കോള്‍ സേവനം) ടോള്‍ഫ്രീ നമ്പരിലും, 0484-2371810, 0487-2360707 എന്നീ  നമ്പരുകളിലും ലഭിക്കും.
**(പടം ഉണ്ട്)**

## കടലാക്രമണ പ്രതിരോധം: കയ്പമംഗലത്ത് ജിയോബാഗിന് 50 ലക്ഷം രൂപ അധികധനസഹായം

കയ്പമംഗലം നിയോജകമണ്ഡലത്തില്‍ കടലേറ്റം രൂക്ഷമായ എറിയാട്-എടവിലങ്ങ് പഞ്ചായത്തുകളില്‍ ജിയോബാഗ് ഉപയോഗിച്ച് തടയണ നിര്‍മ്മിക്കാന്‍ 50 ലക്ഷം രൂപ അധികധനസഹായം അനുവദിച്ചു. പ്രദേശത്ത് വേലിയേറ്റം ശക്തമായ ഭാഗങ്ങളില്‍ കടല്‍ഭിത്തി നിര്‍മ്മാണവും ജിയോബാഗ് ഉപയോഗിച്ച് ജനപങ്കാളിത്തത്തോടെ രണ്ടര കോടി രൂപയുടെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ ഇതുവരെയായി നടന്നിട്ടുണ്ട്. എങ്കിലും വേലിയേറ്റ ഭീഷണി നിലനില്‍ക്കുന്നുവെന്ന് ചൂണ്ടിക്കാട്ടി  ഇ.ടി ടൈസണ്‍ മാസ്റ്റര്‍ എംഎല്‍എ സംസ്ഥാന ജലവിഭവവകുപ്പ് മന്ത്രി  കൃഷ്ണന്‍കുട്ടിക്ക് കത്ത് നല്‍കിയതിന്‍റെ അടിസ്ഥാനത്തിലാണ് അടിയന്തിരമായി 50 ലക്ഷം രൂപ കൂടി അനുവദിച്ചത്. ഇക്കഴിഞ്ഞ ജൂലൈയില്‍ തീരമേഖലയില്‍ അടിയന്തിര പ്രതിരോധ നടപടികള്‍ സ്വീകരിക്കുന്നതിന്‍റെ ഭാഗമായി ജില്ലാ കളക്ടറുടെ ഫണ്ടില്‍നിന്ന് പോളി പ്രൊപ്പലീന്‍ ബാഗുകളില്‍ മണല്‍ നിറച്ചുള്ള ജിയോ ബാഗുകള്‍ നിര്‍മ്മിക്കാന്‍ മൂന്ന് കോടി രൂപ അനുവദിച്ചിരുന്നു. ഇതിന് പുറമെയാണ് ഇപ്പോള്‍ അനുവദിച്ച തുക.

നിര്‍മ്മാണത്തിനായി ആഗസ്റ്റ് 17 ന് അടിയന്തിരമായി ഇ-ടെണ്ടറുകള്‍ ക്ഷണിച്ചിരുന്നു. ഇതില്‍ രണ്ട് പ്രവൃത്തികളുടെ ടെണ്ടര്‍ ഈ മാസം 26നും ഒരു പ്രവൃത്തിയുടേത് 29നും മൂന്ന് പ്രവൃത്തികളുടേത് 30നും തുറക്കും. എറിയാട് പഞ്ചായത്തില്‍ 30 മീറ്റര്‍ ദൂരത്തില്‍ 3.80 ലക്ഷത്തിന്‍റെ പ്രവൃത്തി, 60 മീറ്ററില്‍ 7.65 ലക്ഷം രൂപയുടെ പ്രവൃത്തി എന്നിവ 26ന് തുറക്കും. എറിയാട് പഞ്ചായത്തില്‍100മീറ്റര്‍ ദൂരത്തില്‍ 12.55 ലക്ഷം രൂപയുടെ പ്രവൃത്തി, മറ്റൊരു 100 മീറ്റര്‍ ദൂരത്തില്‍ 12.55 ലക്ഷം രൂപയുടെ പ്രവൃത്തി, എടവിലങ്ങ് പഞ്ചായത്തില്‍ 60 മീറ്റര്‍ ദൂരത്തില്‍ 7.65 ലക്ഷം രൂപയുടെ പ്രവൃത്തി എന്നിവയുടെ ടെണ്ടര്‍ 30നും തുറക്കുമെന്ന് അഡീഷനല്‍ ഇറിഗേഷന്‍ ഡിവിഷന്‍ ഓഫീസ് അറിയിച്ചു.

## മീഡിയ അക്കാദിയുടെ ശില്‍പശാല ആഗസ്റ്റ് 31 ന്

കേരള മീഡിയ അക്കാദമി മാറുന്ന ദൃശ്യമാധ്യമ സങ്കേതങ്ങള്‍ എന്ന വിഷയത്തില്‍ ദേശീയ ശില്പശാല സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 31 രാവിലെ 9.30 ന് തിരുവനന്തപുരം വിന്‍ഡ്സര്‍ രാജധാനി കണ്‍വെന്‍ഷന്‍ സെന്‍ററിലെ ഇംപീരിയല്‍ ഹാളില്‍ മായാ അക്കാദമി ഓഫ് സിനിമാറ്റിക്സും കേസരി സ്മാരക  ജേര്‍ണലിസ്റ്റ്സ് ട്രസ്റ്റും സംയുക്തമായാണ് പരിപാടി

സംഘടിപ്പിക്കുന്നത്. ഐ.ടി. അറ്റ് സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ അൻവർ സാദത്ത് ശില്പശാല ഉദ്ഘാടനം ചെയ്യും. അക്കാദമി ചെയർമാൻ ആർ.എസ്.ബാബുവിന്റെ അദ്ധ്യക്ഷത വഹിക്കും. താല്പര്യമുള്ളവർക്ക് ആഗസ്റ്റ് 25 വൈകീട്ട് അഞ്ച് മണിക്കകം 9061593969 എന്ന വാട്ട്സാപ്പ് നമ്പരിലോ 0471-2726275 എന്ന ഫോൺ നമ്പരിലോ രജിസ്റ്റർ ചെയ്യാം.

# ഗുണനിലവാരമില്ലാത്ത കുത്തിവെപ്പ് മരുന്ന്: നന്ദാനി മെഡിക്കൽ ലാബോറട്ടറീസിന് ഒരു ലക്ഷം രൂപ പിഴ വിധിച്ചു

ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ടിലെ ചട്ടങ്ങൾക്കു വിരുദ്ധമായി ഗുണനിലവാരമില്ലാത്ത മരുന്ന് നിർമ്മിച്ച് വിതരണം നടത്തിയതിന് കുറ്റക്കാരാണെന്ന് കണ്ടെത്തിയ മദ്ധ്യേപ്രദേശിലെ ഇൻഡോറിലെ നന്ദാനി മെഡിക്കൽ ലബോറട്ടറീസ് (പ്രൈ) ലിമിറ്റഡ് എന്ന കമ്പനി ഒരു ലക്ഷം രൂപ പിഴയടക്കണമെന്ന് തൃശൂർ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി വിധിച്ചു. പ്രസ്തുത കമ്പനി നിർമ്മിച്ച ഡക്സാമീതാസോൺ സോഡിയം ഫോസ്ഫേറ്റ് ഇൻജക്ഷൻ ഐപി ബാച്ച് നമ്പർ കെഎഡിഎസ്-810 എന്ന മരുന്ന് ഗുണ നിലവാര പരിശോധയിൽ അണുവിമുക്തമല്ലെന്ന് തിരുവനന്തപുരം ഡ്രഗ്സ് ലബോറട്ടറി അനലിസ്റ്റും കൽക്കട്ട സെൻട്രൽ ഡ്രഗ്സ് ടെസ്റ്റിങ് ലബോറട്ടറി ഡയറക്ടറും പ്രഖ്യാപിച്ചിരുന്നു. അണുവിമുക്തമല്ലാത്ത ഇൻജക്ഷനുകൾ ഉപയോഗിക്കുന്നത് പൊതുജനാരോഗ്യത്തിന് ഹാനികരവും മരണം വരെ സംഭവിക്കാൻ കാരണമാവുകയും ചെയ്യും. ഈ മരുന്ന് ആസ്തമ, അലർജി സംബന്ധമായ അസുഖങ്ങൾക്ക് സാധാരണയായി ഉപയോഗിക്കുന്നതാണ്. കൂടാതെ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി സർക്കാർ ആശുപത്രികൾക്ക് വിതരണം നടത്തുന്നതിനാണ് മരുന്ന് കമ്പനി നിർമ്മിച്ചത്.

കേസിനാസ്പദമായ മരുന്ന് ഗുണനിലവാര പരിശോധനയെടുത്ത് കേസിൽ തുടരന്വേഷണം നടത്തി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത് തൃശൂർ അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ പി എം ജയനാണ്. സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിനു വേണ്ടി കേസു നടത്തുവാൻ കോടതിയിൽ ഹാജരായത് തൃശൂർ അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോൾ ഓഫീസിലെ ഡ്രഗ്സ് ഇൻസ്പെക്ടറായ ടി ഐ ജോഷിയാണ്. സർക്കാരിന്റെ ഭാഗം വാദിക്കുന്നതിന് ഹാജരായത് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻസ് ഇ വി അബ്ദുൾ റഷീദും പി സുഭജയുമാണ്.

# വേരുകൾ തേടി കൊണ്ടാഴി എ.എൽ.പി. സ്കൂൾ

കൊണ്ടാഴി എ.എൽ.പി സ്കൂളിൽ ചരിത്രപരമായ മാറ്റങ്ങളെ പരിചയപ്പെടുത്തിക്കൊണ്ട് 'വേരുകൾ തേടി' എന്ന ചരിത്രപ്രദർശനം നടന്നു. രമ്യ ഹരിദാസ് എംപി ഉദ്ഘാടനം നിർവ്വഹിച്ചു. കുട്ടികളിൽ ഇൻറർനെറ്റ്, മൊബൈൽ, ടെലിവിഷൻ എന്നിവ സ്വാധീനം ചെലുത്തുന്ന ഈ കാലഘട്ടത്തിൽ പ്രാചീന കാല ജീവിതവും ചരിത്രപരമായ മാറ്റങ്ങളെയും കുട്ടികളെ പരിചയപ്പെടുത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് എംപി രമ്യ ഹരിദാസ് പറഞ്ഞു. പ്രാചീന കാലഘട്ടത്തിൽ ഉപയോഗിച്ചിരുന്ന കാർഷികോപകരണങ്ങളും, നിത്യോപകരണങ്ങളും ഉൾപ്പെടെ 1000 ത്തോളം ഉപകരണ വസ്തുക്കളാണ് പ്രദർശനത്തിന് ഒരുക്കിയത്. സ്കൂളിലെ 500 കുട്ടികൾ പ്രദർശനത്തിൽ പങ്കെടുത്തു.

കൊണ്ടാഴി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സുലേഖ പ്രദീപ് അദ്ധ്യക്ഷത വഹിച്ചു. കൊണ്ടാഴി എ.എൽ.പി സ്കൂൾ പ്രധാനാധ്യാപിക എം.ഐ മിനിമോൾ, കൊണ്ടാഴി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് പി.ആർ.വിശ്വനാഥൻ, ജില്ലാ പഞ്ചായത്ത് അംഗം ദീപ.എസ്.നായർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ പാറുക്കുട്ടി ടീച്ചർ എന്നിവർ ആശംസ നേർന്നു. പി.ടി.എ. പ്രസിഡണ്ട് ഷൈജി ബെന്നി സ്വാഗതവും കൊണ്ടാഴി എ.എൽ.പി സ്കൂൾ സ്റ്റാഫ് സെക്രട്ടറി ജോമി ജോൺ നന്ദിയും പറഞ്ഞു.

**(പടം ഉണ്ട്)**

# ഫയൽ അദാലത്ത് 30ന്

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് തൃശൂർ ജില്ലാ ഓഫീസിലെ 2019 മാർച്ച് 31 വരെയുള്ള കുടിശ്ശിക അപേക്ഷ തീർപ്പു കൽപ്പിക്കുന്നതിനായി ആഗസ്റ്റ് 30 ന് ന്യൂഫയൽ അദാലത്ത് നടത്തുമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. അപേക്ഷകർ ഹാജരാകാത്ത പക്ഷം അപേക്ഷ നിരസിക്കപ്പെടുന്നതാണെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓപീസർ അറിയിച്ചു.

# പരിശീലനങ്ങൾ സമൂഹത്തിന്റെ സമഗ്ര വികസനത്തിനുതകണം: ഡോ. ജോയ് ഇളമൺ

പരിശീലനങ്ങൾ ക്ലാസ് മുറികളിൽ ഒതുങ്ങാതെ സമൂഹത്തിന്റെ സമഗ്ര വികസനത്തിൽ പ്രതിഫലിക്കണമെന്ന് കില ഡയറക്ടർ ഡോ.ജോയ് ഇളമൺ അഭിപ്രായപ്പെട്ടു. നെഹ്റു യുവകേന്ദ്ര പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായുള്ള കിലയിൽ സംഘടിപ്പിക്കുന്ന സംസ്ഥാന തല ത്രിദിന ശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. നെഹ്റു യുവകേന്ദ്ര സംസ്ഥാന ഡയറക്ടർ കെ.കുഞ്ഞമ്മദ് അദ്ധ്യക്ഷത വഹിച്ചു. കെ. ഹരിലാൽ, എസ്.ആർ.അഭയ ശങ്കർ എന്നിവർ പ്രസംഗിച്ചു. നെഹ്റു യുവകേന്ദ്രയുടെ മുഴുവൻ ജില്ലകളിലെയും ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർമാരും തിരഞ്ഞെടുക്കപ്പെട്ട പരിശീലകരും പങ്കെടുക്കുന്ന ശില്പശാല ആഗസ്റ്റ് 23 ന് സമാപിക്കും.

**(പടം ഉണ്ട്)**

# മഴക്കെടുതി : റോഡ് ശുചീകരണം നടത്തി

വെള്ളപ്പൊക്കത്തിൽ ആഫ്രിക്കൻ പായൽ കയറി ഗതാഗതം തടസ്സപ്പെട്ട മുരിയാട്-തുറവൻകാട് റോഡ് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഗതാഗതയോഗ്യമാക്കി. പഞ്ചായത്ത് പ്രസിഡന്റ് സരള വിക്രമൻ ശുചികരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചു. പഞ്ചായത്തിലെ എട്ട്, 13, 15 വാർഡുകളിലൂടെ കടന്നു പോകുന്ന തുറവൻകാട് റോഡിന്റെ ആഫ്രിക്കൻ പായൽ കയറിയ ഒരു കിലോമീറ്റർ ദൂരം വൃത്തിയാക്കി. റോഡിൽ പായൽ കയറി യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കിയിരുന്നു. ആനന്ദപുരം ശ്രീ കൃഷ്ണ ഹയർ സെക്കന്ററി സ്കൂളിലെ ഇരുപതു എൻഎസ്എസ് വളണ്ടിയർമാരും ശുചികരണത്തിൽ പങ്കെടുത്തു. സ്കൂൾ എൻഎസ്എസ് ചാർജ് ഓഫീസർ ജോബി മാസ്റ്റർ, ഹെൽത്ത് ഓഫീസർ കൃഷ്ണകുമാർ, പഞ്ചായത്ത് സെക്രട്ടറി പി പ്രജീഷ്, അസിസ്റ്റന്റ് സെക്രട്ടറി എം ശാലിനി എന്നിവർ പങ്കെടുത്തു.

**(പടം ഉണ്ട്)**

# ജനാർദ്ദനൻ നെടുങ്ങാടിയുടെ നിര്യാണത്തിൽ ജില്ലാ കളക്ടർ അനുശോചിച്ചു

സോപാനസംഗീത കുലപതി ജനാർദ്ദനൻ നെടുങ്ങാടിയുടെ നിര്യാണത്തിൽ ജില്ലാ കളക്ടർ എസ് ഷാനവാസ് അനുശോചിച്ചു. ഗുരുവായൂർ ക്ഷേത്രത്തിൽ ഏഴുപതിറ്റാണ്ടോളം അഷ്ടപദി പാടിയിരുന്ന അദ്ദേഹത്തെ അറിയാത്ത ക്ഷേത്ര സന്ദർശകരും സംഗീതാസ്വാദകരും ഉണ്ടാവില്ലെന്ന് അനുശോചന സന്ദേശത്തിൽ കളക്ടർ പറഞ്ഞു. ജയദേവകൃതിയായ ഗീതാഗോവിന്ദത്തെ ജനകീയമാക്കിയ സോപാനഗായകനാണ് ജനാർദ്ദനൻ നെടുങ്ങാടി. ക്ഷേത്ര സദസ്സുകളിൽ ഒതുങ്ങിയിരുന്ന ഗീതാഗോവിന്ദം ജനമദ്ധ്യേത്തിലേക്ക് അങ്ങനെ കടന്നു ചെന്നു. വലിയൊരു ശിഷ്യ സമ്പത്തിനും ഉടമയായിരുന്നു അദ്ദേഹം. അഷ്ടപദിയിലെ അതുല്യപ്രതിഭയായ അദ്ദേഹത്തെ തേടി നിരവധി പുരസ്ക്കാരങ്ങളുമെത്തി. കേന്ദ്ര സംഗീത നാടക അക്കാദമി, കേരള സംഗീത നാടക അക്കാദമി, ഷഡ്ക്കാല ഗോവിന്ദ മാരാർ പുരസ്ക്കാരം, ഗുരുവായൂരപ്പൻ പുരസ്ക്കാരം തുടങ്ങി അവയിൽ പ്രധാനപ്പെട്ടതാണ്. അദ്ദേഹത്തിന്റെ വിയോഗം സാംസ്കാരിക കേരളത്തിന് വലിയൊരു നഷ്ടമാണെന്നും കളക്ടർ പറഞ്ഞു.